(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) ബാധകമല്ല.

(ഡി) 4 റിപ്പോർട്ട്.

1 ശ്രീ. മുരളീധരൻ, അഡീ. ജില്ലാ സെഷൻസ് ജഡ്ജ്.

2 ചീഫ് മാനേജർ, ഇന്ത്യൻ ഓവർസീസ് ബാങ്ക്.

3 M/s. അരുൺ പ്രോ.സെക്യൂരിറ്റി സർവ്വീസസ് (Pvt) Ltd.

4 സുഷമ കൗൾ (W/o.) സഞ്ജയ് കൗൾ, തിരുവനന്തപുരം ജില്ലാ കളക്ടർ.

(ഇ) നിയമാനുസൃതമുള്ള അന്വേഷണ നടപടികൾ പൂർത്തിയാക്കി, നിശ്ചിത സമയപരിധിക്കുള്ളിൽ തന്നെ റിപ്പോർട്ട് നൽകുന്നുവെന്ന് ഉറപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

**തോക്ക് ലൈസൻസ് നൽകാൻ നടപടി**

**30 (4636)** ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കേരളത്തിൽ ഇതുവരെ വിവിധ ജില്ലകളിലായി, എത്ര ആളുകൾക്ക്/സ്ഥാപനങ്ങൾക്ക്/ മറ്റ് അപേക്ഷകർക്ക് തോക്ക് ലൈസൻസ് കൊടുത്തിട്ടുണ്ട് ; ജില്ല തിരിച്ച് പേര് സഹിതം, തോക്കിന്റെ ഇനം സഹിതം, പൂർണ്ണ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ;

(ബി) കേരളത്തിലെ വിവിധ ജില്ലകളിൽ പോലീസ് അധികാരികൾ വെരിഫിക്കേഷൻ നടത്തി റിപ്പോർട്ടുകൊടുക്കാതെ പെന്റിംഗിൽ ഇരിക്കുന്ന എത്ര കേസ്സുകൾ ഉണ്ടെന്ന്, ജില്ല തിരിച്ച് പേര് സഹിതം വിശദമാക്കുമോ ; ഇവ ഓരോന്നും കൊടുക്കുന്നതിന്റെ കാരണം വിശദമാക്കുമോ ;

(സി) അർഹതപ്പെട്ടവർക്ക് തോക്ക് ലൈസൻസുകൾ കൊടുക്കാൻ നടപടി സ്വീകരിക്കുമോ ?

**ഉത്തരം**

(എ - സി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly